# CHRIST KING C G H S PAVARATTY



## ACADEMIC MASTER PLAN

## 2025-26

# ക്രൈസ്റ്റ് കിങ്ങ് സി .ജി . എച്ച് .എസ് പാവറട്ടി

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

### ആമുഖം

പാവറട്ടിയുടെയും പരിസര പ്രദേശങ്ങളുടെയും സാംസ്കാരിക സാമൂഹ്യ നവോത്ഥാനത്തിൽ മായാത്ത കീർത്തിമുദ്ര പതിപ്പിച്ച ഒരു വിദ്യാലയമാണ് ക്രൈസ്റ്റ് കിങ്ങ് കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ. പൊതുവിദ്യാഭ്യാസത്തിന്റെ വ്യാപനത്തിൽ സുപ്രധാന പങ്കു വഹിച്ച കേരളത്തിലെ എയ്ഡഡ് മേഖലയിൽ നാടിൻറെ സാംസ്കാരിക ഉന്നമനത്തിനായി നിർണ്ണായക പ്രവർത്തനങ്ങൾ നൽകിയ വിദ്യാലയങ്ങളിൽ ഒന്നാണ് ഈ പെൺപള്ളിക്കൂടം. വിജ്ഞാന കേന്ദ്രങ്ങൾ വളരെ വിരളമായിരുന്ന പാവറട്ടിയിൽ 1936 ജൂൺ 1- ന് ക്രൈസ്റ്റ് കിങ്ങ് എന്ന നാമധേയത്തിൽ ഈ പ്രദേശത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് വേദിയൊരുക്കിയ മഹത് സ്ഥാപനമാണ് ക്രൈസ്റ്റ് കിങ്ങ് കോൺവെന്റ് ഗേൾസ് ഹൈസ്ക്കൂൾ . 5 ക്ലാസ്സുകളും 116 വിദ്യാർത്ഥികളും 6 സ്റ്റാഫംഗങ്ങളുമായി സമാരംഭിച്ച ഈ വിദ്യാലയം 1938 ൽ ഒരു പൂർണ്ണ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഇന്ന് 30 ക്ലാസ്സുകളിലായി 1600 ൽ പരം വിദ്യാർത്ഥികൾ ഇവിടെ അധ്യയനം നടത്തികൊണ്ടിരിക്കുന്നു . ലബോറട്ടറി , വിശാലമായ ലൈബ്രറി , കമ്പ്യൂട്ടർ ലാബ് , മൾട്ടിമീഡിയ റൂം , ഓഡിറ്റോറിയം , ഓപ്പൺ സ്റ്റേജ് , ബാസ്ക്കറ്റ് ബോൾ കോർട്ട് , ശുദ്ധജലവിതരണത്തിനുള്ള ആധുനിക സജ്ജീകരണങ്ങൾ , കായിക വികസന സംവിധാനങ്ങൾ , തുടങ്ങിയവ വിദ്യാർത്ഥികളുടെ സമഗ്രമായ വളർച്ചയെ ലക്ഷ്യംവെച്ചു പ്രവർത്തിക്കുന്നു . അതോടൊപ്പം വൈവിധ്യമാർന്ന കാരുണ്യ പ്രവർത്തനങ്ങൾ, കൗൺസിലിങ് , ആരോഗ്യപരിപാലനം , ഓറിയന്റേഷൻ ക്ലാസ്സുകൾ , ജൈവവൈവിധ്യ ഉദ്യാനങ്ങൾ , ദിനാചരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ , ശക്തമായ പി .ടി .എ , ഹെല്പ് ഡെസ്ക് , എല്ലാ ആഴ്ച്ചയിലും നടത്തിവരുന്ന എസ്.ആർ.ജി യോഗങ്ങൾ , സർഗ്ഗോത്സവങ്ങൾ , ക്വിസ് പ്രോഗ്രാമുകൾ , പ്രസംഗ നാടക നാടൻപാട്ട്കളരികൾ , സെമിനാറുകൾ , പ്രോജെക്ടുകൾ , ജൈവ കൃഷി , തൊഴിലധിഷ്ഠിത ക്ലാസ്സുകൾ , ഉച്ച ഭക്ഷണ സംവിധാനങ്ങൾ , ഐ .സി .ടി അധിഷ്ഠിത ക്ലാസ്സുകൾ , മഴവെള്ള സംഭരണികൾ എന്നിവ ഈ വിദ്യാലയത്തിന്റെ മികവുകൾക്ക് നിദർശനങ്ങളാണ് .

87 വർഷങ്ങൾക്കുമുമ്പ് ജന്മം കൊണ്ട ഈ വിദ്യാലയത്തിന്റെ സ്ഥാപകയും പ്രധാനാധ്യാപികയുമായി നീണ്ട 23 വർഷം സേവനമനുഷ്ഠിച്ച മദർ മേരി പേഷ്യൻസാണ് ഈ സ്ഥാപനത്തിന്റെ പ്രശസ്തിക്കുള്ള സുദൃഢമായ അടിത്തറ പാകിയത്. തുടർന്ന് വന്ന വർഷങ്ങളിൽ പ്രധാന അദ്ധ്യാപകരായ റവ .സി .മേരി ബെനീഞ്ഞ , സി .കൊർസീന , സി.എൽവീറ , സി .അറ്റ്ടാക്ക , സി ,തിമത്തി എന്നിവരുടെ ഭരണ മികവിൽ വിദ്യാലയം പൂർവ്വോത്തരം യശസ്സിലേക്ക് ഉയർന്നു .

1983 ൽ തൃശ്ശൂർ -റവന്യൂ ജില്ലയിലെ ഏറ്റവും നല്ല വിദ്യാലയം എന്ന ബഹുമതി നേടിയ ഈ സ്ഥാപനത്തിന്റെ സുവർണ ജൂബിലി ബഹു . കേരള ഗവർണർ ശ്രീ .പി .രാമചന്ദ്രൻ അവർകളുടെ ഉദ്ഘാടനത്തോടെ സാഘോഷം കൊണ്ടാടി . 1990 മുതൽ ഈ സ്ഥാപനത്തിന്റെ ഹെഡ്മിസ്ട്രസ് ആയിരുന്ന സി . ബെർട്ടീന സി .എം .സി 1992 ലെ ഏറ്റവും നല്ല അധ്യാപികയ്ക്കുള്ള നാഷണൽ അവാർഡിന് അർഹയായി . 1994 മുതൽ ഈ വിദ്യാലയത്തിന്റെ ചുമതല വഹിച്ചിരുന്ന സി . ലിസ്സത്ത് ഈ സ്ഥാപനത്തെ ഉന്നതിയിലേക്ക് ഉയർത്താൻ വഹിച്ച പങ്ക് നിസ്തുലമാണ് . സിസ്റ്ററിന്റെ ത്യാഗത്തിന്റെയും സേവനത്തിന്റെയും നിദർശമായി പുതുസഹസ്രാബ്ദത്തിലൊരു ഉപഹാരമായി ഇംഗ്ലീഷ് മീഡിയം സ്ഥാപിക്കപ്പെട്ടു . സി .ലിസ്സത്തിനെ തുടർന്ന് ശ്രീമതി .ജസീന്ത പോൾ ടീച്ചർ പുതിയ സാരഥിയായി ചുമതലയേറ്റു . 2005 ൽ വിദ്യാലയത്തിന്റെ ഭരണസാരഥ്യം സി . സജീവ ഏറ്റെടുത്തു . ആ വർഷം ദക്ഷിണ മേഖല സയൻസ് ഡ്രാമ മത്സരത്തിൽ ഈ വിദ്യാലയത്തിലെ കുട്ടികൾ പങ്കെടുത്തു എന്നത് അഭിമാനാർഹമായ നേട്ടമാണ് . **2008** ഏപ്രിൽ 1 ന് വിദ്യാലയത്തിന്റെ ഭരണ സാരഥ്യം ഏറ്റെടുത്ത സി . ഹിമ റോസ് വിദ്യാലയത്തെ പൂർവ്വോത്തരം പ്രശസ്തിയിലേക്കുയർത്തി . സി .അന്ന ആന്റണി 2014 ഏപ്രിൽ മാസത്തിൽ ഹെഡ്മിസ്ട്രെസ്സായി ചുമതല ഏറ്റെടുക്കുകയും നൂതന ആശയങ്ങൾക്കും പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി വിദ്യാലയത്തെ സമ്പൂർണ വിജയത്തിലേക്കെത്തിച്ചു . 2020 ജൂൺ മാസം ക്രൈസ്റ്റ് കിങ്ങ് വിദ്യാലയത്തിന്റെ ഭരണ നേതൃത്വം സി .റിൻസി ഏറ്റെടുത്തു . കോവിഡ് എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കാത്ത , വെല്ലുവിളികൾ നിറഞ്ഞ ഒരു വിദ്യാഭ്യാസ കാലഘട്ടത്തെ തികഞ്ഞ കർമ്മകുശലതയോടും , നേതൃപാടവത്തോടും കൂടി മുന്നോട്ട് കൊണ്ടുപോകാൻ സിസ്റ്ററിന് സാധിച്ചു. സി .റിൻസിയുടെ നേതൃത്വത്തിൽ അധ്യാപകരെയും വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഏകോപിപ്പിച്ച നടത്തിയ പഠന പ്രവർത്തനങ്ങൾ വിദ്യാലയത്തെ മികച്ച വിജയത്തിലേക്ക് നയിച്ചു . കർമ്മ ധീരതയോടെ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി 2023-2024 അധ്യയനവർഷം S S L C പരീക്ഷക്ക് 85 ഫുൾ **എ +** നേടി ക്രൈസ്റ്റ് കിങ്ങ് വിദ്യാലയം ചാവക്കാട് വിദ്യാഭ്യാസ ജില്ലയിലെ തന്നെ മികച്ച വിദ്യാലയമായി മാറി . 2024 ജൂൺ 1 ന് സി.ഷീൻ തെരേസ് നിയമിതയായി . ഓരോ കുട്ടിയെയും മികവിലേയ്ക്ക് എത്തിക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ മികവാർന്ന പ്രവർത്തനങ്ങൾ ഈ വർഷവും കാഴ്ചവെച്ച നടപ്പിലാക്കിയ പ്രവർത്തനഫലമായി 2024-25 അധ്യയന വർഷവും S S L C പരീക്ഷയിൽ വിജയവും 69 ഫുൾ **എ+** ഉം നേടി ചാവക്കാട് വിദ്യാഭ്യാസ ജില്ലയിൽ ഒന്നാം സ്ഥാനം നേടി .

## അക്കാദമിക മാസ്റ്റർ പ്ലാൻ

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനു ള്ള പൊതു സമൂഹത്തിന്റെ അംഗീകാരമാണ് .ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായി സർഗ്ഗാത്മകതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് .

വിദ്യാലയത്തിലെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെട്ടതാണ് . എങ്കിലും എല്ലാ ക്ലാസ്സ് മുറികളും സ്മാർട്ട് ക്ലാസ്സ് മുറികൾ ആകുന്ന വിധത്തിൽ അപ്പർ പ്രൈമറി ക്ലാസ്സുകളിലും കൂടി പ്രൊജക്ടറുകളും ലാപ്പുകളും സെറ്റ് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തണമെന്ന് അഭിപ്രായപ്പെട്ടു .

ഈ വർഷത്തെ S S L C പരീക്ഷ റിസൾട്ട് മികവാർന്നതായിരുന്നു . എങ്കിലും മറ്റു ക്ലാസ്സുകളിലെ വാർഷിക പരീക്ഷയിൽ എല്ലാ കുട്ടികളെയും എല്ലാ വിഷയത്തിലും 30%-ൽ എത്തിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ അതതു സബ്ജെക്ട് കൗൺസിൽ കൂടി ചർച്ച ചെയ്തു കണ്ടെത്തി .

ഓരോ പഠിതാവിൻ്റെയും വീട്ടിലെ സ്ഥിതിഗതികൾ മനസ്സിലാക്കുന്നതിന് വീടുകൾ സന്ദർശിക്കാനും പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങൾ ഈ വർഷം നടപ്പിലാക്കേണ്ടതുണ്ട് . അധ്യാപകർ രക്ഷിതാക്കളുമായി നിരന്തര സമ്പർക്കം ഉണ്ടാക്കണം. കുട്ടികളുടെ ബയോഡാറ്റ ഓരോ അധ്യാപകന്റെ കയ്യിലുമുണ്ടാകണം . വ്യക്തിപരമായി കുട്ടികളുമായി സംസാരിക്കുന്നതിനും കുട്ടികളുടെ പ്രയാസങ്ങൾ മനസ്സിലാക്കുന്നതിനും അധ്യാപകർ ശ്രമിക്കണം .

ഭാഷ , ഗണിതം എന്നിവയിലെ അടിസ്ഥാനശേഷികൾ ഇല്ലാത്തവർക്കായി ആഴ്ചയിൽ 2 ദിവസം ഓരോ മണിക്കൂർ പ്രത്യേക കോച്ചിംഗ് നൽകണം . അതുപോലെത്തന്നെ വിവിധ സ്കോളർഷിപ്പ് പരീക്ഷകൾ ,മത്സരങ്ങൾ തുടങ്ങിയവയിൽ പങ്കെടുക്കാൻ താല്പര്യമുള്ള കുട്ടികൾക്കും പ്രത്യേക ക്ലാസ്സുകൾ നൽകണം .

കുട്ടികളിലെ മൊബൈൽ ഫോണിന്റെ ഉപയോഗം കുറക്കുന്നതിനും മാനസിക ഉല്ലാസത്തിനും ഈ വർഷം 'CREATIVE KIDS'എന്ന പേരിൽ ക്രാഫ്റ്റ് വർക്കുകൾ കുട്ടികളെ പരിശീലിപ്പിക്കാനും ZOOMBA DANCE ശീലമാക്കാനും ഉള്ള പദ്ധതി രൂപീകരിച്ചു . പാഠ്യ പദ്ധതി വിനിമയം ചെയ്യുന്നതിനായി അധ്യാപകർ അവരുടെ കഴിവുകൾ പരമാവധി വിനിയോഗിക്കണം . അധ്യാപക ശാക്തീകരണ പരിപാടിയിൽ എല്ലാവരും പങ്കെടുത്തു . നൂതന സങ്കേതിക വിദ്യകൾ എല്ലാ അധ്യാപകരും സ്വായത്തമാക്കണം. ഓരോ അധ്യാപകന്റെയും ക്ലാസ്സ് മുറിയിലെ മികവുകളും പരിമിതികളും S R G യോഗങ്ങളിൽ പങ്കു വെയ്ക്കണം . ഓരോ മേഖലയിലും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ പ്രവർത്തന കലണ്ടർ തയ്യാറാക്കി .

**പൊതുലക്ഷ്യം**

* സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിക്കും മലയാളം , ഇംഗ്ലീഷ് , ഹിന്ദി എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കൽ

* ശാസ്ത്ര , സാഹിത്യ കല കായിക , ഐ .ടി രംഗങ്ങളിൽ മികവ് തെളിയിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കൽ

* കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്തിയെടുക്കാനുള്ള അവസരങ്ങൾ ഒരുക്കൽ

* പ്രകൃതിയെ ഒരു പാഠപുസ്തകമാക്കി മാറ്റുന്നതിന് വഴിയൊരുക്കൽ

* പ്ലാസ്റ്റിക് മാലിന്യ വിമുക്ത സ്കൂൾ അന്തരീക്ഷം സജ്ജമാക്കൽ

* ലഹരി വിമുക്ത വിദ്യാർത്ഥി സമൂഹത്തെ വളർത്തിയെടുക്കൽ

* തുല്യതയ്ക്കും ഗുണതയ്ക്കും പ്രാധാന്യം നൽകൽ

* വിദ്യാർത്ഥികളുടെ സർഗാത്മക കഴിവുകളെ പരിപോഷിപ്പിക്കൽ

* കാരുണ്യ പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കൽ

* വിദ്യാർത്ഥികളുടെ ആരോഗ്യ പരിപാലനത്തിന് വേണ്ടതായ പദ്ധതികൾ ആവിഷ്കരിക്കൽ

* ഭിന്നശേഷിക്കാരെ തുല്യതയിലേക്കും മുൻനിരയിലേക്കും നയിക്കാനുതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ

* പെൺകുട്ടികളെ ശാക്തീകരിക്കാനും പെൺ സുരക്ഷ ഉറപ്പുവരുത്താനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കൽ

* അധ്യാപക ശാക്തീകരണത്തിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കൽ

* ലൈബ്രറി ശാക്തീകരിക്കൽ

* അക്ഷര പരിശീലനം നൽകൽ

* ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കൽ

* ഗവേഷണാത്മകമായ പ്രവർത്തനങ്ങളുടെ നിർമ്മിതി

* ക്ലബ്ബുകൾ രൂപീകരിക്കൽ

* വൈവിധ്യമാർന്ന ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ

* ഹൈടെക് ക്ലാസ് മുറികളുടെ ഉപയോഗം ഊർജ്വസ്വലമാക്കൽ

* ടെം മൂല്യനിർണ്ണയവും നിരന്തര മൂല്യനിർണ്ണയവും ശക്തിപ്പെടുത്തൽ

* വിദ്യാലയ വികസനത്തിന് കൂടുതൽ വിഭവ പിന്തുണ ലഭ്യമാക്കാൻ അധ്യാപക രക്ഷാ കർത്തൃ സമിതിയെ സജ്ജമാക്കൽ

* വിദ്യാലയ വികസന പരിപാടികളിൽ സാധ്യമായവ ഏറ്റെടുക്കുന്നതിനും പുതിയ പ്രവർത്തന മാതൃകകൾ സൃഷ്ടിക്കുന്നതിനും വിദ്യാർത്ഥികൾക്കാവശ്യമായ വിദഗ്ധ പിന്തുണ ലഭ്യമാക്കുന്നതിനും ഒ സ് എ യെ ചുമതലപ്പെടുത്തൽ

* സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതികൾ തയ്യാറാക്കൽ

* പൊതുസമൂഹത്തിന്റെ ക്രിയാത്മകമായ പങ്കാളിത്തം ഉറപ്പാക്കൽ

* കുട്ടികളുടെ പഠനമികവിനു തടസ്സം നിൽക്കുന്ന ഘടകങ്ങൾ കണ്ടെത്തി പരിഹരിക്കൽ

* വിദ്യാലയമികവുകൾ സമൂഹവുമായി പങ്കിടൽ , മാധ്യമങ്ങളിലൂടെ അറിയിക്കൽ

* സമയബന്ധിതമായി വികസന പദ്ധതികൾ നടപ്പിലാക്കൽ

* നൂതനാശയ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ

* അവലോകന യോഗങ്ങൾ സംഘടിപ്പിക്കൽ

# <u>OUR BELOVED HEADMISTRESS</u>

| | |
|---|---|
| 1936-1946 & 1952-1964 | MOTHER MARY PATIENCE |
| 1946-1952 | SR. MARY BENIGNA |
| 1969-1982 | SR. CORSINA |
| 1982-1983 | SR. ELVIRA |
| 1964-1969 & 1983-1987 | SR. ATTRACTA |
| 1987-1990 | SR. THIMOTHY |
| 1990-1994 | SR. BERTINA |
| 1994-2002 | SR. LISBETH |
| 2002-2005 | SMT. JESINTHA PAUL |
| 2005-2008 | SR. SAJEEVA |
| 2008-2014 | SR. HIMA ROSE |
| 2014-2020 | SR. ANNA ANTONY |
| 2020-2024 | SR.RINCY |
| 2024- | SR. SHEEN THERESE |

നിലവിലുള്ള ക്ലാസ് മുറികളുടെ എണ്ണം

| ക്ലാസ്സ് | എണ്ണം |
|---|---|
| **V** | **4** |
| **VI** | **4** |
| **VII** | **4** |
| **VIII** | **6** |
| **IX** | **6** |
| **X** | **6** |
| **TOTAL** | **30** |

അധ്യാപക-അനധ്യാപകരുടെ എണ്ണം

| | |
|---|---|
| **Headmistress** | **1** |
| **UP** | **12** |
| **HS** | **32** |
| **Clerk** | **2** |
| **Peon** | **2** |
| **FTM** | **3** |
| **Total** | **52** |

## കഴിഞ്ഞ വർഷങ്ങളിലെ SSLC RESULT

| വർഷം | SSLC പരീക്ഷയെഴുതിയവർ | വിജയശതമാനം | മുഴുവൻ എ പ്ലസ് |
|---|---|---|---|
| 2008 | 322 | 100 % | 14 |
| 2009 | 298 | 100 % | 23 |
| 2010 | 343 | 99.2 % | 8 |
| 2011 | 343 | 99.2 % | 12 |
| 2012 | 318 | 99.6 % | 10 |
| 2013 | 314 | 99.8 % | 12 |
| 2014 | 299 | 99.3 % | 18 |
| 2015 | 303 | 100 % | 25 |
| 2016 | 303 | 99.7 % | 18 |
| 2017 | 321 | 98 % | 21 |
| 2018 | 310 | 100 % | 35 |
| 2019 | 303 | 99.3% | 35 |
| 2020 | 310 | 100 % | 44 |
| 2021 | 284 | 100 % | 145 |
| 2022 | 323 | 100 % | 74 |
| 2023 | 314 | 100 % | 80 |
| 2024 | 315 | 100 % | 85 |
| 2025 | 322 | 100 % | 69 |

# മലയാളം

| ക്രമ നം | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക് |
|---|---|---|---|---|---|---|
| 1 | ശ്രവണം<br>എഴുത്ത് | * അക്ഷരമാല ഉറപ്പിക്കൽ<br>* 'ഊജ്ജ്വലം '<br>*കവിതാപാരായണം(V)<br>* കഥാരചന (VI)<br>* സാഹിത്യ പ്രതിഭകളെയും കൃതികളെയും പരിചയപ്പെടുത്തുന്നു | ജൂൺ-ജൂലായ് | ഷൈനി ടീച്ചർ | | |
| 2 | ലേഖനം<br>വായന | *ബഷീർ കൃതികളുടെ വായന ,* കൃതി പ്രദർശനം,*കാരിക്കേച്ചർ,<br>*വായനക്കുറിപ്പ് മത്സരം<br>*മഴക്കവിതകളുടെ ആലാപനം ,*കൃഷി പാട്ടുകൾ ,*ബഷീർ കഥകളുടെ ആവിഷ്കാരം . | ജൂലായ് | Sr.ജീസ് ഗ്രെയ്സ് | | |
| 3 | ലേഖനം<br>വായന<br>ശ്രവണം | *ലൈബ്രറി സന്ദർശനം<br>*വായന ഗ്രൂപ്പ് രൂപീകരണം<br>*സ്വാതന്ത്ര്യ ദിന പ്രസംഗ മത്സരം . | ആഗസ്റ്റ് | റിയ പോൾസൻ ടീച്ചർ | | |
| 4 | ശ്രവണം<br>വാചികം | *അഭിമുഖം<br>'*ഓർമ്മയിലെ ഓണം 'വീഡിയോ ക്ലിപ്പ് തയ്യാറാക്കൽ ,<br>പ്രദർശനം,ഓണ ക്കവിത കൾ ആലാപനം . | സെപ്റ്റംബർ | ട്രീസ ടീച്ചർ | | |
| 5 | ലേഖനം<br>വായന | * 'ഗാന്ധികവിതകളുടെ പ്രസക്തി '- ഉപന്യാസം<br>*വള്ളത്തോൾ കവിതാലാപനം<br>പോസ്റ്റർ നിർമ്മാണം (ശുചിത്വം ) | ഒക്ടോബർ | അപ്പർ പ്രൈമറി അദ്ധ്യാപകർ<br>ഷൈനി C.L. | | |
| 6 | വാചികം<br>എഴുത്ത്<br>വായന | കേരളീ ദിനം -<br>*പ്രസംഗം<br>*ക്വിസ്<br>*പദ്യപാരായണം | നവംബർ | ഷാരിടീച്ചർ,<br>മെർലി ടീച്ചർ | | |
| 7 | ശ്രവണം<br>എഴുത്ത്<br>വായന<br>വാചികം | *ദക്ഷിണ കേരള ത്തിലെ നാടൻപാട്ടുക ൾ ശേഖരണം,<br>അവതരണം ,<br>പതിപ്പ് തയ്യാറാക്കൽ.<br>*വൈലോപ്പിള്ളിക്കവിതകങ്ങളുടെ ആലാപനം . | ഡിസംബർ | U P,H S മലയാളം അദ്ധ്യാപകർ | | |

# ENGLISH

| Sl.No | Area | Activities | Period of Time | Monitoring Persons | Finance | Remarks |
|---|---|---|---|---|---|---|
| 1 | Listening | *Listening Rhymes<br>*Small Stories<br>*Video Clippings<br>*Speeches | JUNE | | | |
| 2 | Speaking | *Self –Introduction<br>*Jingles<br>*Role play<br>*Language Games | JULY | English Teachers | | |
| 3 | Reading | * Simple library books<br>* Reading Materials provided by teachers<br>* Textual reading | AUGUST | English Teachers | | |
| 4 | Writing | * Simple stories<br>* Discourses:- diary , conversation, letter | SEPTEMBER, OCTOBER | English Teachers | | |
| 5 | Writing | * Essays , Reviews | DECEMBER | English Teachers | | |
| 6 | Speaking | * One-Act play<br>* Skit<br>* Interview<br>*Speech<br>*Recitation | JANUARY, FEBRUARY | English Teachers | | |

# HINDI

| ക്രമ നം. | മേഖല | പ്രവർത്തനം | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തിക ം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | * ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ | * അധികവായന ലക്ഷ്യമാക്കികൊണ്ട് ഹിന്ദി ഗ്രന്ഥശാല ഒരുക്കുന്നു .ലളിതമായ കഥാപുസ്തകങ്ങൾ ,ബാലമാസികകൾ തുടങ്ങിയവയിലൂടെ ഗ്രന്ഥശാല പരിചയപ്പെടുത്തുന്നു | | Hindi Teachers | | |
| 2 | * അക്ഷര പരിചയം | * കുട്ടികൾക്ക് അക്ഷരങ്ങൾ അടങ്ങിയ കാർഡ് നൽകുന്നു .audio ,visual സഹായത്തോടെ ഉച്ചാരണം പരിചയപ്പെടുത്തുന്നു .കുട്ടികളുടെ പേരുകളടങ്ങിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. | ജൂൺ -ജൂലൈ | Hindi Teachers | | |
| 3 | *ഹിന്ദി വായന | *കേട്ടെഴുത്ത് ,പദസൂര്യൻ,പ്രശ്നോത്തരി എന്നിവ നൽകുന്നു .ചിത്രകഥ ,കാർട്ടൂൺ, വായനാകാർഡ്,ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു . | ജൂലൈ -ഓഗസ്റ്റ് | Hindi Teachers | | |
| 4 | *പദസമ്പത്ത് വർദ്ധിപ്പിക്കുന്നു. | *പുതിയ വാക്കുകളും അതിന്റെ പ്രയോഗങ്ങളും പരിചയപ്പെടുത്തുന്നു.കോപ്പിയിലൂടെ പുതിയ വാക്കുകൾ പരിചയപ്പെടുന്നു . | ജൂൺ -മാർച്ച് | Hindi Teachers | | |
| 5 | *സാഹിത്യാഭിരുചി വളർത്തുക | *ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തി കുട്ടിയുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നു . | സെപ്റ്റംബർ -ഒക്ടോബർ | Hindi Teachers | | |
| 6 | *രചനാ സമ്പത്ത് വർദ്ധിപ്പിക്കാൻ | *പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു .കഥാപാത്രങ്ങളെ മുൻനിർത്തി ചരിത്രകുറിപ്പ് തയ്യാറാക്കുന്നു .ഉപന്യാസം ,കഥാരചന തുടങ്ങിയവ എഴുതാനുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു . | ഒക്ടോബർ -നവംബർ | Hindi Teachers | | |
| 7 | *ഹിന്ദി സംസാര നൈപുണ്യം വർദ്ധിപ്പിക്കുന്നു | *പാഠഭാഗത്തെ ആസ്പദമാക്കി Road play ,പ്രസംഗം ,അസംബ്ലിയിൽ പത്രവായന മുതലായവ നടത്തുന്നു . | ഡിസംബർ -മാർച്ച് | Hindi Teachers | | |

# SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രാവബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാട്ടും മേട്ടും : ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.**<br>**വയൽ കിളികൾ** : സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക പഠന ട്രിപ്പുകൾ **സംഘടിപ്പിക്കുന്നു.** | അക്കാദമിക വർഷം മുഴുവനായി നടത്തുന്നു . നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക . പൗരബോധം , മൂല്യബോധം ഇവ വളർത്തുക . | **ഒന്നായി നമ്മൾ** : സ്കൂൾപാർലമെൻ്റ്, മോക്ക്പാർലമെൻ്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു . | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ ,കുട്ടികൾ , സുമനസുകൾ |
| സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്** : സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു.<br>ആകാശ കാഴ്ചകൾ,കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | P.T.A Management |
| മതേതരത്വം,സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക . സാമൂഹ്യപരിഷ്കർത്താകളെ പരിചയപ്പെടുക . | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ : സർവേ പ്രോജക്റ്റ് ,ചർച്ചകൾ ,സംവാദം ,ക്ലാസ്സുകൾ ,അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു** . | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| ഭൂപടവായനകുട്ടികളിൽ വളർത്തുക, സ്ഥല നിർണയം നടത്തുവാൻ പടിക്കുക എന്ന ലക്ഷ്യം കൈവരിക്കുക . | **പട്ടുപാതയിലൂടെ : ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ**<br>പഠിക്കാൻ സഹായിക്കുന്നു . ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു .<br>അറ്റ്ലസ്സ്, മാപ്പുകൾ ,ഗ്ലോബ്എന്നിവ പരിചിതമാക്കുന്നു . | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക . | **മൈ സിനിമ റൂം** : സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചാരങ്ങൾ,പ്രശ്നോത്തരി ,സംവാദം എന്നിവയെക്കുറിച്ച്<br>കൂടുതൽ വ്യക്തമായ ധാരണ നൽകുക ,വീഡിയോ പ്രദർശനം ,പ്രോജക്റ്റ് റൂം **etc** , സിനിമ (ചരിത്ര സിനിമ പ്രദർശനം). | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും ,ജലശയങ്ങളെക്കുറിച്ചും ,കാറ്റുകള്,സമുദ്രങ്ങൾ,പർവതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം . | ചരിത്ര കൊട്ടാരം :വിവധ മെഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്രലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും ,തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു . | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# SCIENCE

| SI NO. | MONTH | ACTIVITIES | MONITORING PERSONS | FINANCE | REMARKS |
|---|---|---|---|---|---|
| 1 | JUNE | Awareness programme-മഴക്കാല രോഗങ്ങൾ , ലഹരിവിരുദ്ധ പരിപാടികൾ. | Mariat Teacher | | |
| 2 | JULY | Experiment-Demo. ശാസ്ത്ര പഠനോപകരണ ശില്പശാല | Priya Teacher | | |
| 3 | AUGUST | ഔഷധ തോട്ടം – x Herbervium നിർമ്മാണം. A4 sheet . | Riya Teacher ,Stephy Teacher | | |
| 4 | SEPTEMBER | LUCA  Calender | Riya Teacher | | |
| 5 | OCTOBER | **ഉണ്ണി സഞ്ചി നിർമ്മാണം** | Sr.Evya Rose | | |
| 6 | NOVEMBER | Lab equipments exhibition | Priya Teacher, Stephy Teacher | | |
| 7 | DECEMBER | Microgreen | Riya Teacher, Mariat Teacher | | |
| 8 | JANUARY | | | | |

# MATHEMATICS

| ക്രമ നം | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ചതുഷ്ക്രിയകൾ | ഗണിത ക്ലിനിക് :- ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. ബുദ്ധിമുട്ടനുഭവപ്പെടുന്ന കുട്ടികളെ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു . | ജൂൺ | 5 മുതൽ 10 വരെയുള്ള ഗണിത അധ്യാപകർ | | |
| 2 | ഘടക ക്രിയ | ഗണിത ചതുരംഗം പ്രവർത്തനം: - സംഖ്യകളെ ഘടകങ്ങളായി തിരിച്ചെഴുതുന്നതിനും അവയുടെ പ്രത്യേകതകൾ കണ്ടെത്തുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂലൈ | ഗണിത അധ്യാപകർ | | |
| 3 | നിർമ്മിതി | ദേശീയ പതാക നിർമ്മാണം :- നിർമ്മാണവുമായി ബന്ധപ്പെട്ട് അംശബന്ധം എന്ന ആശയം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ നൽകുന്നു. | ഓഗസ്റ്റ് | UP ഗണിത അധ്യാപകർ | | |
| | | *ജിയോജിബ്ര പ്രവർത്തനങ്ങൾ :- വൃത്തങ്ങളും വൃത്തഭാഗങ്ങളും അവയിലെ കോണുകളും . | | Std-10 ലെ ഗണിത അധ്യാപകർ | | |
| 4 | ജ്യാമിതീയ രൂപങ്ങൾ | ഗണിതപൂക്കളം :- ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ചുള്ള പൂക്കളങ്ങൾ നിർമ്മിക്കുന്നു. ജ്യാമിതീയ രൂപങ്ങളെക്കുറിച്ചുള്ള അവബോധം. | സെപ്റ്റംബർ | ഗണിത അധ്യാപകർ | | |
| 5 | ICT | **Geogebra ,pythagorus theorm** - ICT സാധ്യതകൾ ഉപയോഗപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ | ഒക്ടോബർ | H.S ഗണിത അധ്യാപകർ | | |
| 6 | സെമിനാർ | കേരളപ്പിറവിയോടനുബന്ധിച്ച് കേരളത്തിലെ ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുന്നു. സെമിനാർ നടത്തുന്നു. | നവംബർ | Jimcy E.J Teacher, MaryJane T.J Teacher | | |
| 7 | Paper Presentation | **December 22 -** National Mathematics day ആചരണം..രാമാനുജൻ - ജീവചരിത്രകുറിപ്പ് തയ്യാറാക്കി അവതരണം. | ഡിസംബർ | Shiny Lazar k Teacher , Shari Raphel Teacher | | |

# HEALTH AND PHYSICAL EDUCATION

| ക്രമ നം | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും എയ്റോബിക് exercise പരിശീലനം. (ഹൃദയ ശ്വാസന ക്ഷമത വർധിപ്പിക്കുന്നതിനും കായിക ശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി). | ജൂൺ 1 മുതൽ ഫെബ്രുവരി 24 വരെ | സ്കൂൾതല സമിതികൾ | വിദ്യാലയ വികസന സമിതി പൂർവ്വ വിദ്യാർത്ഥി സംഘടന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സ്പോൺസ്. | ഘട്ടം ഘട്ടമായി മാത്രമേ ഈ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ |
| 2 | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പ്രാണയാമ (Breathing exercise) പരിശീലനം . | ജൂൺ 1 മുതൽ ഫെബ്രുവരി 24 വരെ | സ്കൂൾതല സമിതികൾ | വിദ്യാലയ വികസന സമിതി പൂർവ്വ വിദ്യാർത്ഥി സംഘടന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സ്പോൺസ്. | ഘട്ടം ഘട്ടമായി മാത്രമേ ഈ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. |
| 3 | ആരോഗ്യ കായിക വിദ്യാഭ്യാസം | തിരഞ്ഞെടുത്ത ഒരു Game പരിശീലനം . | ജൂൺ 1 മുതൽ ഫെബ്രുവരി 24 വരെ | സ്കൂൾതല സമിതികൾ | വിദ്യാലയ വികസന സമിതി പൂർവ്വ വിദ്യാർത്ഥി സംഘടന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സ്പോൺസ്. | ഘട്ടം ഘട്ടമായി മാത്രമേ ഈ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. |

# ART EDUCATION

| ക്രമ നം | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കലാ വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും സംഗീതം , നൃത്തം,സിനിമ ,നാടകം ,ചിത്രകല എന്നീ എല്ലാ മേഖലകളിലും പരിശീലനം കൊടുക്കുന്നു. | ജൂൺ 1 മുതൽ ഫെബ്രുവരി 24 വരെ | സ്കൂൾതല സമിതികൾ | വിദ്യാലയ വികസന സമിതി പൂർവ്വ വിദ്യാർത്ഥി സംഘടന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ,സ്പോൺസ്. | ഘട്ടം ഘട്ടമായി മാത്രമേ ഈ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ |
| 2 | കലാ വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും സംഗീതം , നൃത്തം,സിനിമ ,നാടകം ,ചിത്രകല ഈ കലകളെല്ലാം അവതരിപ്പിക്കുന്നതിനുള്ള സാഹചര്യം . | ജൂൺ 1 മുതൽ ഫെബ്രുവരി 24 വരെ | സ്കൂൾതല സമിതികൾ | വിദ്യാലയ വികസന സമിതി പൂർവ്വ വിദ്യാർത്ഥി സംഘടന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ,സ്പോൺസ്. | ഘട്ടം ഘട്ടമായി മാത്രമേ ഈ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. |

# <u>WORK INTEGRATED EDUCATION</u>

| ക്രമ നം | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | തൊഴിൽ ഉദഗ്രഥിത | കൃഷി ,<br>പ്ലമിംഗ് ,<br>വസ്തുകല ,<br>കരകൗശലം ,<br>പാഴ്വസ്തു<br>പരിപാലനം ,<br>ഭക്ഷ്യവസ്തുകളുടെ നിർമാണം | ജൂൺ 1 മുതൽ ഫെബ്രുവരി 24 വരെ | സകൂൾതല സമിതികൾ | വിദ്യാലയ വികസന സമിതി പൂർവ്വ വിദ്യാർത്ഥി സംഘടന തദ്ദേശ സ്വയം ഭരണ സഥാപനങ്ങൾ,സ്പോൺഴ്സ്. | ഘട്ടം ഘട്ടമായി മാത്രമേ ഈ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ |

**<u>ഉപസംഹാരം</u>**

2025-26 വർഷത്തെ മികച്ച സ്കൂൾ ആക്കാനുള്ള മാർഗനിർദേശങ്ങൾ അടങ്ങുന്ന ഞങ്ങളുടെ സ്കൂളിന്റെ ഏകദേശ രൂപരേഖ ഞങ്ങൾ സവിനയം സമർപ്പിക്കുന്നു . ഇനിയും ഔന്നത്യത്തിലേക്ക് ഈ സ്ഥാപനത്തെ ഉയർത്താൻ വേണ്ട അക്കാദമിക സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു . വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വികസനത്തിനുവേണ്ടിയുള്ള പ്രയാണത്തിൽ ഈ വിദ്യാലയത്തോട് സഹകരിക്കുന്ന എല്ലാവർക്കും പ്രത്യേകം പ്രത്യേകം നന്ദി അർപ്പിച്ചുകൊണ്ട്

നിർത്തട്ടെ

നന്ദി

നമസ്കാരം